പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: **6044**

04.11.2016-ൽ മറുപടിക്ക്

# എല്ലാവർക്കും ഭവനം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എല്ലാവർക്കും ഭവനം എന്ന പേരിൽ ഒരു ഭവന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) | കേരളത്തിന്റെ സമഗ്ര വികസനത്തിനു വേണ്ടി സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി ഉൾപ്പെടെ നാല് ബൃഹത് പദ്ധതികൾ 5 വർഷം കൊണ്ട് ജനപങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ നടപ്പിലാക്കാൻ തീരുമാനിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത പദ്ധതി സംബന്ധിച്ച ഉദ്ദേശ്യ ലക്ഷ്യങ്ങൾ, വിശദാംശങ്ങൾ, ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഇവ വിശദമാക്കുമോ? | (ബി) | അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിതരായ ഭവനരഹിതർക്കും സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സമൂഹത്തിന്റെ നടത്തിപ്പിനും നിലനിൽപ്പിനും ഭാഗഭാക്കാകുവാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമ പദ്ധതികളുടെയും പ്രയോജനം ലഭ്യമാക്കുന്നതിനും ഉതകുന്ന തരത്തിലുള്ള സുരക്ഷിതവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ നടത്തിപ്പിനായി മുഖ്യമന്ത്രി അദ്ധ്യക്ഷനായി സംസ്ഥാനതല പാർപ്പിട മിഷനും മിഷന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി ജില്ലാതല മിഷനും രൂപീകരിച്ചിട്ടുണ്ട്.<br><br>പദ്ധതിയുടെ ഗുണഭോക്താക്കൾ ചുവടെയുള്ള വിഭാഗത്തിൽപ്പെട്ടവരാണ്;<br><br>1. ഭൂമിയുള്ള ഭവനരഹിതർ<br>2. സർക്കാർ പദ്ധതികളിൽപ്പെടുത്തി ഭവന നിർമ്മാണത്തിന് സഹായധനം അനുവദിച്ചെങ്കിലും പൂർത്തിയാക്കാനാകാത്തവർ (പൂർണ്ണമായോ |

ഭാഗികമായോ സഹായധനം ലഭിച്ചവർ), ലക്ഷംവീട് പോലെയുള്ള പഴയ പദ്ധതികളുടെ ഗുണഭോക്താക്കളിൽ നിലവിൽ വാസയോഗ്യമല്ലാത്ത വീടുകളുള്ളവർ.

3. പുറമ്പോക്കിലോ, തീരദേശമേഖലയിലോ, തോട്ടം മേഖലയിലോ താൽക്കാലിക ഭവനമുള്ളവർ.

4. ഭൂമിയില്ലാത്ത ഭവനരഹിതർ.

ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിക്കുന്നത് സംസ്ഥാനതല പാർപ്പിട മിഷന്റെ ദൗത്യമാണ്.

സെക്ഷൻ ഓഫീസർ.